**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 98** **10-06-2024 - ൽ മറുപടിയ്ക്ക്**

**എം.എസ്.പി. ഭൂമിയിലെ റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റ് മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ കുട്ടമണ്ണ എം.എസ്.പി.യുടെ അധീനതയിലുള്ള ഗ്രൗണ്ടിന്റെ വടക്ക് - കിഴക്ക് ഭാഗങ്ങളിൽ സർക്കാർ അനുവദിച്ച 5 സെന്റ് ഭൂമിയിൽ വടക്ക ഭാഗത്തുള്ള 2.5 സെന്റ് ഭൂമി അലൈന്മെന്റ് മാറ്റം വരുത്തി നൽകണമെന്നാവശ്യപ്പെട്ട് സി.എം.ഒ പോർട്ടൽ വഴി എം.എൽ,എ. സമർപ്പിച്ച പ്രദേശവാസികളുടെ നിവേദനത്തിൽ നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിവേദനം സർക്കാർ പരിശോധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പിന് ഫയൽ കൈമാറിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ കത്ത് പ്രകാരം വിശദമായ റിപ്പോർട്ട് എം.എസ്.പി കമാണ്ടന്റും മലപ്പുറം ജില്ലാ കളക്ടറും ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | **ഈ വിഷയത്തിൽ മലപ്പുറം എം.എസ്.പി കമാണ്ടന്റിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല.** |
| (സി) | കുട്ടമണ്ണയിലെ അമ്പതിൽ പരം കുടുംബങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനും ഗതാഗത യോഗ്യമായ റോഡ് നിർമ്മിക്കുന്നതിനുമായി സാങ്കേതിക തടസങ്ങൾ പരിഹരിച്ച് ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ എത്രയും വേഗം അനുമതി നൽകുമോ? | (സി) | റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ